D3AML1902 (2 Pages) Name:............................

Reg.No:........................

**THIRD SEMESTER MA DEGREE EXAMINATION, NOVEMBER 2020**

**മലയാളം**

**FMAL3C10: മലയാള സാഹിത്യ വിമർശനം**

**Time: Three Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. നിഷ്പക്ഷനിരൂപണത്തെക്കുറിച്ചുള്ള മാരാരുടെ സങ്കല്പം വിശദീകരിക്കുക.
2. 'ഹാംലറ്റിനെക്കുറിച്ചുള്ള അന്തിമ വചസ്സ് പറയപ്പെട്ടുവെന്ന തീർച്ചയാക്കേണ്ടതില്ല' എന്ന എം ലീലാവതിയുടെ നിരീക്ഷണം അർത്ഥമാക്കുന്നതെന്ത്?
3. 'കലയുടെ സൗന്ദര്യാവബോധപരമായ സിദ്ധാന്തങ്ങൾക്ക് ഓരോ കാലഘട്ടങ്ങളിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്' - തന്റെ ഈ നിരീക്ഷണം വക്കം അബ്ദുൾ ഖാദർ മൗലവി സ്ഥാപിക്കുന്നതെങ്ങനെ?
4. വക്രീകരണം എന്നാലെന്ത്? വിശദീകരിക്കുക.
5. കാലം എന്ന പ്രമേയം ആവിഷ്കരിക്കുന്നതിൽ ആധുനികനോവലിസ്റ്റുകളും നവോത്ഥാനകാലനോവലിസ്റ്റുകളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
6. ഇന്ദുലേഖയിലെ മുസ്ലീം പ്രതിനിധാനങ്ങളെ എം. ടി. അൻസാരി വിമർശനവിധേയമാക്കുന്നതെങ്ങനെയാണ്?
7. ഇന്ത്യൻപാരമ്പര്യത്തിൽ ആശ്രമം നഗരവിമർശനത്തിന്റെ രൂപകമാവുന്നതെങ്ങനെയാണ്?

**(4 × 2 = 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. മലയാളനിരൂപണത്തിന്റെ വളർച്ചയുടെ ആദ്യഘട്ടത്തിൽ പത്രമാസികകൾ വഹിച്ച പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.
9. ചരിത്രത്തിന്റെ വിടവുകളെ കവിത എങ്ങനെയാണ് പരിഹരിക്കുന്നത്?
10. സാഹിത്യ കൃതികളെ വിചാരണ ചെയ്ത് അപ്പീലിലില്ലാത്ത വിധിയെഴുതാൻ പോന്ന നിരൂപകൻ എന്നൊരത്ഭുത സൃഷ്ടി ഇന്നോളം ഉണ്ടായിട്ടില്ല; ഇനിയുണ്ടാവുമെന്നും തോന്നുന്നില്ല - മാരാർ ഇങ്ങനെ പറയുന്നതിന്റെ ഔചിത്യമെന്ത്?

(തുടർച്ച....2)

11. 'പ്രാചീന കവികളും അവരവരുടെ കാലത്തിന്റെ കൈയിൽ ഏറെക്കുറെ കളിപ്പന്തുകൾ ആയിരുന്നു' എന്ന് ജോസഫ് മുണ്ടശ്ശേരി സ്ഥാപിക്കുന്നത് എങ്ങനെയാണ്?

12. ഭാരതീയ കലകളിലും സാഹിത്യത്തിലും ഫ്യൂച്ചറിസത്തിനുള്ള പ്രാധാന്യവും പ്രസക്തിയും എന്ത്?

13. രണ്ടു വക്രരേഖകളുടെ സംശ്ലേഷമാണ് പൂതപ്പാട്ടിന്റെ രചനാവ്യൂഹത്തിന് അടിസ്ഥാനം – വിശദീകരിക്കുക

14. പത്മനാഭ സ്വാമി ക്ഷേത്രത്തിലെ ഉത്സവകാല ഭീമൻ കെട്ടിനോട് 'ധർമ്മരാജ'യെ താരതമ്യപ്പെടുത്തുന്നത് നീതിയുക്തമോ? സ്വാഭിപ്രായം സ്ഥാപിക്കുക.

**(4 × 3 = 12 വെയ്റ്റേജ്)**

## ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.

15. നിയോ ക്ലാസിക് അഭിരുചിയിൽ നിന്ന് ആധുനികവും കാല്പനികവുമായ അഭിരുചിയിലേക്കുള്ള പരിവർത്തനത്തെയാണ് കുമാരനാശാന്റെ ചിത്രയോഗ നിരൂപണം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നത്- വിശകലനം ചെയ്യുക

16. കുലടയ്ക്കും കുലീനയ്ക്കുമപ്പുറം സരസ്വതിയമ്മയുടെ സാഹിത്യലോകത്തെ കണ്ടെത്തുന്ന ജെ. ദേവികയുടെ നിരീക്ഷണങ്ങൾ സ്ത്രീവാദ നിരൂപണത്തിന്റെ സമഗ്രതയെ അടയാളപ്പെടുത്തുന്നതെങ്ങനെ?

17. സരസ്വതീ വിജയം എന്ന നോവലിനെതിരായി സി.പി. അച്ചുതമേനോൻ ഉന്നയിച്ച വിമർശനങ്ങളുടെ സാധുത വിമർശനാത്മകമായി വിശകലനം ചെയ്യുക

18. ബഹുസ്വരമായ ആഖ്യാനരീതികൊണ്ട് ഒ.വി.വിജയനും സക്കറിയയും നിശിതമായനിരൂപണബുദ്ധിയോടെ ആധുനികതയെ നേരിടുന്നതെങ്ങനെ എന്ന് അപഗ്രഥിക്കുക.

**(2 × 5 = 10 വെയ്റ്റേജ്)**